ശ്രീ. പി. രവീന്ദ്രൻ: അതിനെ സംബന്ധിച്ചു ചില ചർച്ചകളും നടന്നിട്ടുണ്ടു. കൂടുതൽ ചർച്ചകളും നടത്താമെന്നു തീരുമാനിച്ചശേഷമാണു അന്നു പിരിഞ്ഞതു.

ശ്രീ. ആർ. എസ്. ഉണ്ണി: പറമ്പിക്കുളം അലിയാർ പ്രോജക്റ്റിനു മദ്രാസ് ഗവൺമെൻറു തരാമെന്നു പറഞ്ഞിട്ടുള്ളതു തരാതിരിക്കുന്നു എന്നുള്ള പരാതിയുണ്ടു. കണക്കനുസരിച്ചുള്ള വെള്ളം കിട്ടുന്നതിനുള്ള ഏർപ്പാടുണ്ടോ, പുതിയ കരാറിൽ അതിനുള്ള വ്യവസ്ഥയുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ഈ പ്രശ്നവും വരുന്ന ഫെബ്രുവരി 2–ാം തീയതി ചർച്ചചെയ്യുന്നതാണു.

മന്ത്രിമാരുടെ സ്വത്തുക്കളും സംബന്ധിച്ചുള്ള വിവരം

* 76. [296] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരമേറ്റെടുത്തപ്പോൾ എല്ലാ മന്ത്രിമാരും അവരുടെ സ്വത്തുക്കളും സംബന്ധിച്ചുള്ള വിവരം മുഖ്യമന്ത്രിക്കു നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ആ വിവരങ്ങളും പ്രസിദ്ധപ്പെടുത്താമോ?

വ്യവസായവും തൊഴിലുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മന്ത്രിമാർ സത്യപ്രതിജ്ഞചെയ്തു അധികാരമേറ്റെടുക്കുമ്പോൾ അവരുടെ സ്വത്തുവിവരം പ്രസിദ്ധപ്പെടുത്തുക എന്നുള്ളതു നിർബന്ധമാക്കുന്നതായിട്ടു എന്തെങ്കിലും വ്യവസ്ഥ കൊണ്ടുവരാൻ ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അതെപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: മന്ത്രിസഭ അധികാരമേറ്റെടുത്തു ഇത്രയും കാലമായിട്ടും മന്ത്രിമാരുടെ സ്വത്തുവിവരം മുഖ്യമന്ത്രിക്കു നൽകുന്നതിനുള്ള കാലതാമസത്തിനു എന്താണു കാരണം?

ശ്രീ. പി. രവീന്ദ്രൻ: കാലതാമസത്തിനു പ്രത്യേക കാരണമില്ല. അതിനെ സംബന്ധിച്ചു ഗവൺമെൻറ് ആലോചിച്ചിട്ടില്ലെന്നാണു ഞാൻ പറഞ്ഞതു.

ശ്രീ. കെ. കരുണാകരൻ: മുൻമന്ത്രിമാർ അവരുടെ സ്വത്തു വിവരങ്ങളും വെളിപ്പെടുത്തണമെന്നു ഈ സഭയിൽ ആവശ്യമുന്നയിക്കപ്പെട്ടിട്ടുള്ളതാണു. മന്ത്രിമാരെ സംബന്ധിച്ചിടത്തോളം ആക്ഷേപമുണ്ടാകാതിരിക്കാനും അവരുടെ പൊതുജീവിതം ശുദ്ധമാക്കാനും ആവശ്യമായ ഈ നടപടി ഒട്ടും വൈകാതെ ശേഖരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അതിനു ഗവൺമെൻറിനു യാതൊരു മടിയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ കഴിഞ്ഞ രണ്ടുമാസങ്ങളായി ഏതെങ്കിലും മന്ത്രിയുടെയോ പാർട്ടിയുടെയോ സ്വത്ത് വർദ്ധിച്ചതായിക്കാണുന്നുണ്ടോ?

മി. സ്പീക്കർ: ആ ചോദ്യം അനുവദനീയമല്ല.

ശ്രീ. പി. പി ജോർജ്ജ്: തമിഴ്നാട് നിയമസഭയിലെ മന്ത്രിമാരുടെയും സ്പീക്കറുടെയും സ്വത്തുവിവരങ്ങൾ വെളിപ്പെടുത്തണമെന്നു നിശ്ചയിച്ചിട്ടുള്ള സ്ഥിതിക്ക് തമിഴ്നാട് മന്ത്രിസഭയെ അനുകരിക്കാൻ ഗവൺമെൻറു തയ്യാറാകുമോ?

ശ്ര . പി. രവീന്ദ്രൻ: അങ്ങനെയൊരു വാർത്ത പത്രത്തിൽ കണ്ടിട്ടുണ്ട്. ഇതുവരെ ആലോചിച്ചിട്ടില്ല. ആലോചനക്ക് വിഷമവുമില്ല.

ശ്രീ. ജെ. കമാലിയാസ് മൊൈസ്: മന്ത്രിമാരുടെ സ്വത്തു വിവരങ്ങളെ സംബന്ധിച്ച് മുൻമുഖ്യമന്ത്രിക്ക് കൊടുത്ത സ്റേറ്റുമെൻറും വിവരങ്ങളും പുതിയ ഗവൺമെൻറിൻെറ പക്കലുണ്ടോ; ഉണ്ടെങ്കിൽ പ്രസിദ്ധപ്പെടുത്താമോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ കൊടുത്തിട്ടുള്ളതു ഉണ്ടെങ്കിൽ ആലോചിക്കാവുന്നതാണ്.

ലിഫ്റ് ഇറിഗേഷൻ പദ്ധതികൾ

* 77. [297] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

ലിഫ്റ് ഇറിഗേഷൻ പദ്ധതികളുടെ നടത്തിപ്പിനായി പഞ്ചായത്തുകൾ നൽകേണ്ടുന്ന ½ വിഹിതം കുറവുചെയ്യുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ):

ലിഫ്റ് ഇറിഗേഷൻ പദ്ധതികൾക്ക് പഞ്ചായത്തിൽനിന്നു വിഹിതം നൽകുന്ന പതിവില്ല. എന്നാൽ പഞ്ചായത്തുകളിലുള്ള കുളങ്ങളും മറ്റും നന്നാക്കി അതിൽ പമ്പുസെറ്റു സ്ഥാപിച്ച് ജലസേചനം നടത്തുന്ന ഒരു പദ്ധതിയുണ്ട്. അതിന് പഞ്ചായത്തുകൾ ½ വിഹിതം നൽകുന്ന പതിവുണ്ട്. ആ വിഹിതം കുറയ്ക്കുന്നതിന് യാതൊരു നിർദ്ദേശവും ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിലില്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള; നമ്മുടെ സംസ്ഥാനത്തുള്ള പഞ്ചായത്തുകൾ സാമ്പത്തികമായി വളരെ പട്ടിണിയിലായതുകൊണ്ട് പഞ്ചായത്തുകൾ മൂന്നിലൊന്നു വിഹിതം കൊടുക്കണമെന്നുള്ളത് ആറിലൊന്നായി കുറവുചെയ്തുകൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ഒ. കോരൻ: ഇപ്പോൾ അതു സാധ്യമല്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: തുടങ്ങിവച്ച ധാരാളം ലിഫ്റു ഇറിഗേഷൻ പദ്ധതികൾ ഗവൺമെൻറിൽനിന്നു പണം കൊടുക്കാത്തതുകൊണ്ട് നിറുത്തിവച്ചിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അവയുടെ പണി തീർത്തതിനുശേഷം മാത്രം ബാക്കി പദ്ധതികളുടെ പണി ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly